(എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത് ;

(ഡി) ഭരണതലത്തിൽ ഇതിനായി ഏതെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നഗരകാര്യ വകുപ്പ്, KSUDP എന്നിവ മുഖേന പ്രവൃത്തികളുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം നടത്തുകയും നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പഴയ നഗരപരിസരങ്ങളുടെ പുനർവികസനം, അഴുക്കുചാൽ/ഓട, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ നഗര പുനരുദ്ധാരണ പദ്ധതികൾ, ശുദ്ധജല വിതരണം, മാലിന്യ നിർമ്മാർജ്ജനം, നഗര റോഡുകളും ഗതാഗതവും തുടങ്ങിയ മേഖലകളിലെ സമഗ്രവികസനം എന്നിവയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) JNNURM പദ്ധതിയിൽ 80/50 ശതമാനം കേന്ദ്രവിഹിതവും UIDSSMT പദ്ധതിയിൽ 80 ശതമാനം കേന്ദ്രവിഹിതവും രാജീവ് ആവാസ് യോജന പദ്ധതിയിൽ 100 ശതമാനം കേന്ദ്രവിഹിതവും ലഭിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി നോഡൽ ഏജൻസികളായ KSUDP, കുടുംബശ്രീ എന്നിവ മുഖാന്തിരം നടപ്പിലാക്കിവരുന്നു. നഗരകാര്യവകുപ്പ് കൃത്യമായ അവലോകനങ്ങൾ നടത്തുന്നുണ്ട്.

കൃഷി ഫാമുകളുടെ ശാക്തീകരണം

13 (*283) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കുവാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

എല്ലാ ഫാമുകളിലും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ജലസേചനം, മണ്ണുസംരക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിവിധയിനം നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും പദ്ധതികൾ നടപ്പിലാക്കിവരുന്നു. എല്ലാ ഫാമുകളിലും നിലവിലുള്ള ഭൂമി പരമാവധി ഉപയോഗിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫാമുകളുടെ ഭൂമി വിശദമായ സർവ്വെ നടത്തി അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് (കമ്പിവേലി) നിർമ്മിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1. നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആധുനിക കൃഷി രീതികൾ ഫാമുകളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഫാമുകളിൽ ടിഷ്യുകൾച്ചർ ലാബുകൾ, ഹൈടെക് പോളി ഹൗസുകൾ, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

2. ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

3. ഫാമുകളിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവവളങ്ങളും ജൈവ കീടനാശിനികളും മാത്രമെ ഉപയോഗിക്കാവൂ എന്ന് എല്ലാ ഫാമുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ കൃഷിത്തോട്ടങ്ങളിലും ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 12 ഫാമുകളിൽ ഡയറി യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഡയറി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന ചാണകം, ഗോമൂത്രം എന്നിവ ജൈവകൃഷിക്കായി ഉപയോഗിക്കുന്നു. ഇവ കൂടാതെ മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവ വളങ്ങൾ എന്നിവ ഫാമുകളിൽത്തന്നെ ഉൽപ്പാദിപ്പിച്ച് ഉപയോഗിച്ചുവരുന്നു.

4. ഫാമുകളിലെ ഒഴിവുള്ള തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാമുകളുടെ പ്രവർത്തനം വിലയിരുത്തി മേൽനോട്ടം വഹിക്കുന്നതിന് എല്ലാ ഫാമുകളിലും ഫാംതലഉപദേശക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

5. ഫാമുകളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനം കുറഞ്ഞതും പ്രായം കൂടിയതുമായ ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം അത്യുൽപ്പാദന ശേഷിയുള്ളതും വാണിജ്യ പ്രാധാന്യമുള്ളതുമായ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കരുമുളക് തൈകൾ, കുറിയ ഇനം തെങ്ങിൻ തൈകൾ എന്നിവയും ഫാമുകളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) ഫാമുകളിൽ ജലസേചന സൗകര്യം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. എല്ലാ ഫാമുകളിലും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ജലാശയങ്ങൾ സംരക്ഷിച്ചും മണ്ണിനെ സംരക്ഷിച്ചും നിലവിൽ തരിശായി കിടക്കുന്ന സ്ഥലത്തെ കൃഷി യോഗ്യമാക്കിയെടുത്തും വിവിധയിനം നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ കൃഷി ഫാമുകളിലും ആവശ്യത്തിന് തൊഴിലാളികൾ നിലവിലുണ്ട്. തൊഴിലാളികളെ ആവശ്യമുള്ളപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കാറുണ്ട്.

ഫാമുകളിൽ ആധുനിക കൃഷിരീതികൾ അവലംബിച്ച് നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഫാമുകളിൽ കീടരോഗ വിമുക്ത നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള ടിഷ്യുകൾച്ചർ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനായി പോളിഹൗസുകളും ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റുകളും വിവിധ ഫാമുകളിലായി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഫാമുകളിലെ ഉല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഫ്രൂട്ട് പ്രോസസ്സിംഗ് യൂണിറ്റുകൾ ഏതാനും ഫാമുകളിൽ നല്ല രീതിയിൽ

പ്രവർത്തിച്ചുവരുന്നുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക യന്ത്രങ്ങളും യന്ത്രവൽകൃത ആധുനിക കാർഷിക പണിയായുധങ്ങളും വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി ഫാമുകളിൽ ഉപയോഗിച്ചുവരുന്നുണ്ട്.

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും ഉല്പാദന മേഖലയിലും വിപണന മേഖലയിലും മികവ് കാട്ടുന്ന ഫാമുകൾക്ക് സമ്മാനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സമ്മാന പദ്ധതിയെക്കുറിച്ച് പരസ്യം നൽകുകയും അപേക്ഷയിന്മേലുള്ള ഫീൽഡ്തല പരിശോധനകൾ നടക്കുന്നുമുണ്ട്.

സെപ്റ്റിക് ടാങ്കുകളിലെ മാലിന്യം

14 (*284) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിലേക്ക് ഒഴുക്കുന്നതുമൂലം ഉണ്ടാകുന്ന മാലിന്യ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടുവോ ;

(ഡി) ഇതിലേക്കായി ശുചിത്വമിഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സെപ്റ്റേജ് മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ട് രാജ്യത്തെ തന്നെ ആദ്യത്തെ സെപ്റ്റേജ് സംസ്കരണശാലയുടെ

LIBRARY ARCHIVES Kerala Legislative Assembly